# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/110/2015(1) ചാക്ക, തിരുവനന്തപുരം 7

തീയതി: 28/05/2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് -കൺസോലിഡേറ്റഡ് മാർക്ക് ലിസ്റ്റ്/ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് എന്നിവ ട്രെയിനികൾക്ക് വിതരണം നടത്തിയ ശേഷം രേഖപ്പെടുത്തലുകളിൽ അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന:- 08/04/16-ാം തീയതിയിൽ എസ്.പി.ഐ.യു- എം.ഐ.എസ്. സെക്ഷനിൽ കൂടിയ മീറ്റിംഗിൽ എടുത്ത തീരുമാനം

2014 ആഗസ്റ്റ് അഡ്മിഷൻ മുതൽ ട്രെയിനികളുടെ അഡ്മിഷൻ സംബന്ധിച്ച നടപടികൾ ഡി.ജി.റ്റി. യുടെ എം.ഐ.എസ്. പോർട്ടൽ മുഖേനയാണ് നിർവഹിച്ചു വരുന്നത്. കൂടാതെ ട്രെയിനികൾക്ക് അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള ഹാൾ ടിക്കറ്റുകൾ, വിജയിച്ച ട്രെയിനികൾക്കുള്ള കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ്, ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ തുടങ്ങിയ രേഖകൾ ഡയറക്ടറേറ്റിലെ പരീക്ഷാ വിഭാഗത്തിൽ ഡി.ജി.റ്റി. യുടെ എം.ഐ.എസ്. പോർട്ടൽ മുഖേന ഓൺ ലൈനായി ലഭിക്കുകയും ടി വിവരങ്ങൾ യഥാസമയം വിവിധ സ്ഥാപനങ്ങൾക്ക് ഇ മെയിലായി നൽകുകയും ചെയ്തുവരുന്നു.

ഇപ്രകാരം ട്രെയിനികളുടെ അഡ്മിഷൻ, പരീക്ഷ തുടങ്ങിയവ എം.ഐ.എസ്. പോർട്ടൽ മുഖേന നടത്തുന്ന സാഹചര്യത്തിൽ ഡയറക്ടറേറ്റിലെ ഓരോ സെക്ഷനും ഇത് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ ചർച്ച ചെയ്യുന്നതിന് സൂചന പ്രകാരം മീറ്റിംഗ് കൂടിയിരുന്നു. ടി മീറ്റിംഗിലെടുത്ത തീരുമാന പ്രകാരം ഓരോ സെക്ഷനും സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ താഴെ പറയുന്നു.

- ട്രെയിനികളുടെ അഡ്മിഷൻ, അഡ്മിഷൻ ഡാറ്റ എൻട്രി, അഡ്മിഷൻ ക്ലോസ്സിംഗ് തുടങ്ങി ജോലികൾ ഡയറക്ടറേറ്റിലെ സി സെക്ഷൻ മുഖേനയാണ് നിർവഹിക്കുന്നത്. ഇത് സംബന്ധിച്ച നടപടി ക്രമങ്ങൾ ഡയറക്ടറേറ്റിലെ സി

സെക്ഷനിൽ നിന്ന് എല്ലാ സ്ഥാപന മേധാവികൾക്കും അറിയിക്കുന്നതായിരിക്കും. ഇത് സംബന്ധിച്ച എല്ലാ വിവരങ്ങൾക്കും സി സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

- ട്രെയിനികളുടെ റി അഡ്മിഷൻ, ഇൻറർ ഐ.ടി.ഐ. ട്രാൻസ്ഫർ തുടങ്ങിയ ജോലികൾ ഡയറക്ടറേറ്റിലെ എഫ് സെക്ഷൻ മുഖേനയാണ് നിർവഹിക്കുന്നത്. ഇത് സംബന്ധിച്ച നടപടി ക്രമങ്ങൾ ഡയറക്ടറേറ്റിലെ എഫ് സെക്ഷനിൽ നിന്ന് എല്ലാ സ്ഥാപന മേധാവികൾക്കും അറിയിക്കുന്നതായിരിക്കും. ഇത് സംബന്ധിച്ച എല്ലാ വിവരങ്ങൾക്കും എഫ്. സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.
- അഡ്മിഷൻ നേടിയ ശേഷം ട്രെയിനികൾ പഠനം നിർത്തി ടി.സി. വാങ്ങി പോകുന്ന ട്രെയിനികളെ യഥാസമയം തന്നെ എം.ഐ.എസ്. പോർട്ടലിൽ നിന്നും നീക്കം ചെയ്യുന്നതിന് നിശ്ചിത Template ൽ അപേക്ഷ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഡയറക്ടറേറ്റിലെ എഫ് സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് എഫ്. സെക്ഷനിൽ നിന്നും വിശദമായ അറിയിപ്പ് എല്ലാ സ്ഥാപന മേധാവികൾക്കും നൽകുന്നതായിരിക്കും. ഇത് സംബന്ധിച്ച എല്ലാ വിവരങ്ങൾക്കും എഫ്. സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.
- ട്രെയിനികളുടെ അഡ്മിഷൻ ക്ലോസ്സ് ചെയ്ത ശേഷം ട്രേഡ് ടെസ്റ്റ് വിജയിച്ച് കൺസോലിഡേറ്റഡ് മാർക്ക് ലിസ്റ്റും ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റും ലഭിക്കുന്നതുവരെയുള്ള എല്ലാ തിരുത്തലുകളും ഡയറക്ടറേറ്റിലെ എഫ് സെക്ഷൻ മുഖാന്തിരമാണ് നടത്തുന്നത്. ആയതിനാൽ ഇപ്രകാരമുള്ള തിരുത്തലുകൾ വരുത്തുന്നതിന് വേണ്ടി എല്ലാ സ്ഥാപന മേധാവികളും എഫ് സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്. ടി തിരുത്തലുകൾ ട്രെയിനികളുടെ രേഖപ്പെടുത്തലുകളിൽ വരുത്തിയിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഉറപ്പാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ എഫ് സെക്ഷനിൽ നിന്ന് എല്ലാ സ്ഥാപന മേധാവികളെയും അറിയിക്കുന്നതായിരിക്കും.
- ട്രെയിനികൾ ട്രേഡ് ടെസ്റ്റ് വിജയിച്ച് കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റോ ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റോ ലഭിച്ച ശേഷം ട്രെയിനികളുടെ പേര്, രക്ഷകർത്താവിൻെറ പേര്, ജനന തീയതി തുടങ്ങിയവ ബന്ധപ്പെട്ട എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തൽ വരുത്തിയിട്ടുണ്ടെങ്കിൽ ടി വിവരം

കൺസോളിഡേറ്റഡ് മാർക്ക് ഷീറ്റ്/ഇ–നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് തുടങ്ങിയവയിൽ പുതിയതായി രേഖപ്പെടുത്തണമെങ്കിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ താഴെ പറയുന്ന നിർദ്ദേശ പ്രകാരം അപേക്ഷകൾ പരീക്ഷാ വിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്.

- ട്രെയിനിയുടെ വിവരങ്ങൾ കൺസോളിഡേറ്റഡ് മാർക്ക് ഷീറ്റോ/ഇ–നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റോ വിതരണം ചെയ്തതിന് ശേഷം വരുത്തിയ തിരുത്തൽ മാത്രമേ പരീക്ഷാ വിഭാഗത്തിൽ പരിഹരിക്കുകയുള്ളു. ഇതിന് മുൻപുള്ള തിരുത്തലുകൾ യഥാസമയം ഡയറക്ടറേറ്റിലെ എഫ് സെക്ഷനുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്. ടി വിഷയം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- തിരുത്തൽ കൺസോളിഡേറ്റഡ് മാർക്ക് ഷീറ്റോ/ഇ–നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റോ ലഭിച്ചതിന് ശേഷമാണ് നടത്തിയത് എന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ തയ്യാറാക്കിയ അനുബന്ധം 1 പ്രകാരമുള്ള സാക്ഷ്യപത്രം, തിരുത്തൽ വരുത്തേണ്ടത് തെളിയിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്), 0230–ലേബർ ആൻറ് എംപ്ലോയ്മെൻറ്–00–800–അദർ റസീപ്റ്റ്സ്–88–അദർ ഐറ്റംസ്– എന്ന ശിർഷകത്തിൽ 100/– രൂപ ഒടുക്കിയ അസ്സൽ ചെലാൻ, അനുബന്ധം 2 പ്രകാരമുള്ള പട്ടിക എന്നിവ സഹിതം അപേക്ഷകൾ സ്ഥാപന മേധാവികൾ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മുൻപാകെ സമർപ്പിക്കേണ്ടതാണ്.
- ടി അപേക്ഷയും ബന്ധപ്പെട്ട രേഖകളും അസ്സൽ ചെലാനും സ്ഥാപന മേധാവികൾ തയ്യാറാക്കിയ അനുബന്ധം 1 പ്രകാരമുള്ള സാക്ഷ്യപത്രവും അനുബന്ധം 2 പ്രകാരമുള്ള പട്ടികയും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ പരിശോധിച്ച് അപേക്ഷകളിൽ ശുപാർശ രേഖപ്പെടുത്തി ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കൈമാറേണ്ടതാണ്.
- ഇപ്രകാരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ ശുപാർശ ചെയ്ത് നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം പ്രത്യേക ദൂതൻ മുഖേന പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. ഒരു കാരണവശാലും തപാൽ മാർഗ്ഗം അയയ്ക്കരുത്.

- ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. കളിലെ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റുകളിലേയും ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റിലേയും തിരുത്തലുകൾ വരുത്തുന്നതിന് ബന്ധപ്പെട്ട രേഖകൾ, ചെലാൻെറ അസ്സൽ, സ്ഥാപന മേധാവികൾ തയ്യാറാക്കിയ അനുബന്ധം 1 പ്രകാരമുള്ള സാക്ഷ്യപത്രം, അനുബന്ധം 2 പ്രകാരമുള്ള പട്ടിക എന്നിവ പരിശോധിച്ച് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ തന്നെ അപേക്ഷയിൽ ശുപാർശ രേഖപ്പെടുത്തി പ്രത്യേക ദൂതൻ മുഖാന്തിരം പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്.
- തിരുത്തലുകൾ വരുത്തി ലഭിക്കുന്ന കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ്, ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് എന്നിവയോടൊപ്പം തിരുത്തലുകൾ വരുത്തി ലഭിക്കുന്ന ഓരോ സെമസ്റ്റർ പരീക്ഷയുടെയും മാർക്ക് ഷീറ്റുകൾ കൂടി പുതിയതായി പ്രിൻറ് എടുത്ത് ട്രെയിനികൾക്ക് വിതരണം നടത്താൻ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- തിരുത്തലുകൾ വരുത്തി ലഭിക്കുന്ന മാർക്ക് ഷീറ്റുകളും ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളും ട്രെയിനികൾക്ക് വിതരണം നടത്തുന്നതിന് മുൻപ് ഒരു പ്രത്യേക രജിസ്റ്ററിൽ രസീത് വാങ്ങി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പരീക്ഷാ വിഭാഗത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷകൾ സ്ഥാപന മേധാവികൾ പരീക്ഷാ വിഭാഗത്തിൽ സമർപ്പിച്ചാൽ മാത്രമേ ട്രേഡ് ടെസ്റ്റ് വിജയിച്ച ട്രെയിനികളുടെ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റിലെയും ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റിലെയും തിരുത്തലുകൾ വരുത്തലുകൾ വരുത്തുവാൻ സാധിക്കുകയുള്ളു. എന്ന് എല്ലാ സ്ഥാപന മേധാവികളെയും അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം

അനുബന്ധം 1,2 എന്നിവയുടെ പകർപ്പുകൾ

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്ക്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും

പകർപ്പ്

വകുപ്പ് വെബ്സൈറ്റിലേക്ക്

# അനുബന്ധം 1

## സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം

അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അനുബന്ധം 2 പ്രകാരമുള്ള ട്രെയിനികളുടെ രേഖപ്പെടുത്തലിലെ തിരുത്തലുകൾ എല്ലാം കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ്/ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് എന്നിവ ട്രെയിനികൾക്ക് വിതരണം ചെയ്തതിന് ശേഷമാണ് നടത്തിയിട്ടുള്ളതെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥാപനത്തിന്റെ പ്രിൻസിപ്പാളിന്റെ ഒപ്പ്

പ്രിൻസിപ്പാളിന്റെ പേര്

ഔദ്യോഗിക മേൽ വിലാസം

(ഓഫീസ് മുദ്ര)

തീയതി:-

## അനുബന്ധം 2

ഐ.ടി.ഐ. യുടെ പേര്:-

| ക്രമ നമ്പർ | ട്രെയിനിയുടെ പേര് | ട്രേഡ് | ട്രേഡ് ടെസ്റ്റ് നടന്ന വർഷം/മാസം | റോൾ നമ്പർ | നിലവിലെ കൺസോലിഡേറ്റഡ് മാർക്ക് ലിസ്റ്റ്/ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് നമ്പർ | നിലവിലുള്ള കൺസോലിഡേറ്റഡ് മാർക്ക് ലിസ്റ്റ് / ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റിൽ ഏത് രേഖപ്പെടുത്തലാണ് തിരുത്തൽ വരുത്തേണ്ടത് | എപ്രകാരമാണ് തിരുത്തൽ വരുത്തേണ്ടത് |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

സ്ഥാപനത്തിന്റെ പ്രിൻസിപ്പാളിന്റെ ഒപ്പ്

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ പേര്

ഔദ്യോഗിക മേൽ വിലാസം

സാക്ഷ്യപത്രം

പ്രിൻസിപ്പാൾ സമർപ്പിച്ചിട്ടുള്ള മുകളിൽ സൂചിപ്പിച്ചിട്ടുള്ള എണ്ണം ട്രെയിനികളുടെ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ്/ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റിലെ രേഖപ്പെടുത്തലുകളിലെ തിരുത്തലുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിക്കുകയും ടി തിരുത്തലുകൾ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ്/ഇ-നഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്ത ശേഷം വരുത്തിയതണെന്നും ആയതിനാൽ പ്രിൻസിപ്പാൾ ആവശ്യപ്പെട്ടിട്ടുള്ള തിരുത്തലുകൾ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ്/ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കാമെന്നും ഞാൻ ശുപാർശചെയ്യുന്നു.

നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന്റെ ഒപ്പ്

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ പേര്

ഔദ്യോഗിക മേൽ വിലാസം